(ബി) ഗുണഭോക്താക്കളുടെ വിവരം സാമ്പത്തിക വർഷം തിരിച്ച് ചുവടെ ചേർക്കുന്നു :

പദ്ധതി	ഗുണഭോക്താക്കളുടെ എണ്ണം (2013-14)	ഗുണഭോക്താക്കളുടെ എണ്ണം (2014-15)	ഗുണഭോക്താക്കളുടെ എണ്ണം (2015-16)
ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട വിധവകൾക്കും വിവാഹബന്ധം വേർപെടുത്തിയവർക്കുമുള്ള ഭവന പദ്ധതി	950	749	800

(സി) മലപ്പുറം ജില്ലയിലെ ഗുണഭോക്താക്കളുടെ വിവരം സാമ്പത്തിക വർഷം തിരിച്ച് ചുവടെ ചേർക്കുന്നു :

പദ്ധതി	ഗുണഭോക്താക്കളുടെ എണ്ണം (2013-14)	ഗുണഭോക്താക്കളുടെ എണ്ണം (2014-15)	ഗുണഭോക്താക്കളുടെ എണ്ണം (2015-16)
ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട വിധവകൾക്കും വിവാഹബന്ധം വേർപെടുത്തിയവർക്കുമുള്ള ഭവന പദ്ധതി	204	130	150

നിർദ്ധനരായവർക്ക് ചികിത്സാ സഹായപദ്ധതി

138 (1609) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമവകുപ്പ് വഴി നിർദ്ധനരായവർക്ക് ചികിത്സാധന സഹായപദ്ധതി ആരംഭിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ന്യൂനപക്ഷ ക്ഷേമവകുപ്പ് വഴി നല്കിവരുന്ന വ്യക്തിഗത ആനുകൂല്യങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇത്തരത്തിലുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല

(ബി) ന്യൂനപക്ഷക്ഷേമവകുപ്പ് വഴി നല്കിവരുന്ന വ്യക്തിഗത ആനുകൂല്യങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിധവകൾ/ വിവാഹമോചിതർ/ ഉപേക്ഷിക്കപ്പെട്ടവർ എന്നിവർക്കുള്ള ഭവന പദ്ധതിക്ക് ഒരു ഗുണഭോക്താവിന് (മുൻവർഷങ്ങളിൽ 2 ലക്ഷം രൂപ) നടപ്പുവർഷം 2.5 ലക്ഷം രൂപ അനുവദിക്കുന്നുണ്ട്.

(സി) ജില്ലാതലത്തിൽ ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ടി ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിനു കീഴിൽ ജില്ലാതല ആഫീസുകൾ ആരംഭിക്കുന്നതിന് 10-8-2015-ലെ സ.ഉ.(പി)നമ്പർ 217/15/പൊ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

ഇ-പേമെന്റ് വഴി കർഷക ആനുകൂല്യങ്ങൾ

139 (1610) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്കുള്ള ആനുകൂല്യങ്ങൾ ഇ - പേമെന്റ് വഴി നൽകാൻ പദ്ധതിയുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കുവാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സ.ഉ.(എം.എസ്) 152/2012/കൃ.വ. തീയതി 19-6-2012 പ്രകാരം 2012-13 വർഷം മുതൽ കർഷക രജിസ്ട്രേഷനും ഇ-പേയ്മെന്റും എന്ന പദ്ധതി പ്രകാരം കർഷകർക്കുള്ള ആനുകൂല്യങ്ങൾ അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ നേരിട്ട് നല്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി തുടങ്ങി. 2012-13 സാമ്പത്തിക വർഷത്തിൽ 275.77 കോടി രൂപയും, 2013-14 വർഷം 396.74 കോടി രൂപയും 2014-15 വർഷം 365.43 കോടി രൂപയും 2015-16-ൽ 144.37 കോടി രൂപയും കർഷകരുടെ ബാങ്ക് അക്കൗണ്ട് മുഖേന ഇതുവരെ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly